©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 ജൂൺ 29
29th June 2026
1201 മിഥുനം 15
15th Mithunam 1201
1948 ആഷാഢം 8
8th Ashadha 1948

നമ്പർ
No.
1934

ഫാറം 4
ചട്ടം 11(3) കാണുക

വിജ്ഞാപനം

DCTVM/14258/2023/K13 2026 ജൂൺ 22

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് സാംസ്കാരിക വകുപ്പിനു വേണ്ടി കാട്ടാക്കട താലൂക്കിൽ ലെനിൻ രാജേന്ദ്രന്റെ ജന്മനാടായ ഊരുട്ടമ്പലത്ത് ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ സാംസ്കാരിക കേന്ദ്രവും തീയേറ്റർ കോംപ്ലക്സും നിർമ്മിയ്ക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും;

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013-ലെ (2013 ലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

30–ം കേന്ദ്ര ആക്ട്) 4–ം വകുപ്പിന്റെ (1)–ാംം ഉപവകുപ്പനുസരിച്ച് കേരള സർക്കാരില് നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന സർവ്വെ നമ്പരുകൾ ഉൾപ്പെട്ട പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്;

ആയതിനാൽ, ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ജില്ലാ കളക്ടറുടെ 20/09/2023ലെ കെ11–240746/2019 നമ്പർ നടപടിക്രമ പ്രകാരം തിരുവനന്തപുരം ജില്ലയിലെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ടുത്തിയ സാമൂഹിക ആഘാത വിലയിരുത്തൽ പഠന യൂണിറ്റായ **രാജഗിരി ഔട്ട് റീച്ച്, രാജഗിരി.പി.ഒ, കളമശ്ശേരി, എറണാകുളം (ഫോൺ–9895291767),** എന്ന ഏജൻസിക്ക് അനുമതി നൽകിയിരിക്കുന്നു. ടി പ്രവൃത്തി മൂന്ന് മാസ കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതും യാതൊരു കാരണവശാലും ആറുമാസകാലയളവ് അധികമാകാൻ പാടില്ലാത്തതുമാണ്.

പട്ടിക

ജില്ല : തിരുവനന്തപുരം താലൂക്ക് : കാട്ടാക്കട

വില്ലേജ് : മാറനല്ലൂർ ബ്ലോക്ക് നം : 12

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

ക്രമ നമ്പർ	ബ്ലോക്ക് നമ്പർ	സർവ്വെ നം.	സബ് ഡിവിഷൻ നം	വിസ്തീർണ്ണം (ഹെക്ടർ)	ഭൂമിയുടെ ഇനം/തരം
1	12	7	5	0.0600	നിലം
2	12	7	6	0.1895	നിലം
3	12	7	7	0.7280	പുരയിടം
4	12	7	8	0.0515	പുരയിടം
5	12	7	13	0.0390	പുരയിടം
6	12	7	17	0.0045	പുരയിടം
			ആകെ	**1.0725** ഹെക്ടർ	

(ഒപ്പ്)
ജില്ലാകളക്ടർ
തിരുവനന്തപുരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ ലെനിൻ രാജേന്ദ്രന്റെ ജന്മനാടായ ഊരുട്ടമ്പലത്ത് ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ സാംസ്കാരിക കേന്ദ്രവും തീയേറ്റർ കോംപ്ലക്സും നിർമ്മിക്കുന്നതിനായി സാംസ്കാരിക വകുപ്പിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയ സാമൂഹിക ആഘാത വിലയിരുത്തൽ പഠന യൂണിറ്റായ രാജഗിരി ഔട്ട് റീച്ച്, രാജഗിരി.പി.ഒ, കളമശ്ശേരി, എറണാകുളം (ഫോൺ-9895291767), എന്ന സ്ഥാപനത്തിന് അനുമതി നൽകിയിരിക്കുന്നു.

(ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി മാത്രം)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.29 01:15:16 +05:30